**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 729 | 29.09.2016-ൽ മറുപടിയ്ക്ക് |

## കാഞ്ഞാണി -വാടാനപ്പള്ളി സ്റ്റേറ്റ് ഹൈവേ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുരളി പെരുനെല്ലി | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തൃശ്ശൂർ കാഞ്ഞാണി വാടാനപ്പള്ളി സ്റ്റേറ്റ് ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) തൃശ്ശൂർ - വാടാനപ്പള്ളി സംസ്ഥാന പാതയുടെ ഒന്നാം ഘട്ടമായ പടിഞ്ഞാറേകോട്ട മുതൽ എറവ് TFM സ്കൂൾ വരെയുള്ള 9 കി.മീ. നിർമ്മാണത്തിന് 13.06.2016-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള ടെണ്ടർ കമ്മറ്റി അംഗീകാരം നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഇതിനായി 17 മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) 17 മീറ്റർ വീതിയിലുള്ള അലൈൻമെന്റ് പ്ലാനനുസരിച്ച് അതിർത്തി കല്ലുകൾ സ്ഥാപിച്ചു. തുടർന്ന് ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി ലാന്റ് പ്ലാൻ അംഗീകരിച്ച് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. |
| (സി) ബഡ്ജറ്റിൽ 40 കോടി രൂപ നീക്കി വച്ച പ്രസ്തുത ഹൈവേയുടെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) തൃശ്ശൂർ - വാടാനപ്പള്ളി സംസ്ഥാന പാതയുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ സർക്കാർ തലത്തിൽ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ